**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.48 | 27.6.2011 ൽ മറുപടിക്ക് |
|---|---|

**<u>അസിസ്റ്റന്റ് സർജൻ റാങ്ക് ലിസ്റ്റ്</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി: | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു: മുഖ്യമന്ത്രി) |

| | |
|---|---|
| (എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ എത്ര തവണ അസിസ്റ്റന്റ് സർജൻ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്; | (എ)<br>10.11.2006, 28.03.2008, 13.01.2011 എന്നീ തീയതികളിലായി 3 റാങ്ക് പട്ടികകൾ അസിസ്റ്റന്റ് സർജൻ തസ്തികയിലേയ്ക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) ഇവയിൽ ഓരോന്നിലും പി.എസ്.സി നടത്തിയ യോഗ്യതാ പരീക്ഷയിൽ മൈനസ് മാർക്ക് കിട്ടിയ എത്രപേർ ഉൾപ്പെട്ടിട്ടുണ്ട്; | (ബി)<br>2011-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ മൈനസ് മാർക്ക് നേടിയ ഒരു ഉദ്യോഗാർത്ഥിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) നിശ്ചിത യോഗ്യത നേടാത്തവരെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം എന്താണ്; | (സി), (ഡി) - (ഇ)<br>നിശ്ചിത യോഗ്യത നേടാത്ത ആരെയും റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ഡി) ഇവർക്ക് നൽകിയിട്ടുള്ള നിയമനങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ; | |
| (ഇ) നിശ്ചിത യോഗ്യത നേടാത്തവർക്ക് നിയമനം നൽകുന്ന കാര്യത്തിലുള്ള നയം വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ